marggam DIGITAL PUBLISHING

www.marggam.org

ആത്മോപകാരമായ

# ‘സ്ലീവാപ്പാഥ’



‘എന്നെ അനുഗമിക്കുന്നവൻ അനുദിനം അവന്റെ കുരിശി
നെ വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ.’

---

ജോസ്. എൽ. ശമ്മാശ്ശ്

മാവുങ്കൽ.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

## ഒരുമണിക്കൂർ ഈശോസഹവാസം.

(മൂന്നാം പതിപ്പ്.)

നാല്പതുമണി പതിമൂന്നുമണി ആദ്യവെള്ളിയാഴ്ച മുതലായ ആരാധനകൾക്കും, പരി കുർബ്ബാനക്കൈക്കൊള്ളലിനും വിസീത്തങ്ങൾക്കും, ഏററം ഉതകിയ ഈ ചെറുപുസ്തകത്തിന്റെ ഈ മൂന്നാംപതിപ്പിൽ പരി. കുർബ്ബാനയുടെ വാഴ്വിന്റെ സുറിയാനി ലത്തീൻ പാട്ടുകൾ മലയാള അക്ഷരങ്ങളിൽ ചേർത്തിട്ടുണ്ട്.

വില ൧ൽ അണ മാത്രം.

---

ആഘോഷമായ

## 'സ്ലീവാപ്പാത.'

വില ൨ ചക്രം മാത്രം.

ആവശ്യപ്പെടേണ്ടും മേൽവിലാസം:

**ജോസ് എൽ. ശമ്മാശ് മാവുങ്കൽ.**

പുത്തമ്പള്ളി സെമിനാരി,—വരാപ്പുഴ.

---

## ഭക്തഗാന മാലിക.

(മൂന്നാം ഭാഗം.)

നവീനരീതിയിൽ ൬൨ ഗാനങ്ങളുള്ള ഈ പുസ്തകത്തിനു വില ൨ അണ മാത്രം.

## ഭക്തഗാന മാലിക.

ഒന്നാംഭാഗം രണ്ടാംപതിപ്പു തയ്യാറായിരിക്കുന്നു.

**ലീഗ് ഡയറക്ടർ,**

പുത്തൻപള്ളി സെമിനാരി,—വരാപ്പുഴ.

---

N. B. ടി. പുസ്തകങ്ങൾക്കു പന്ത്രണ്ടിനൊന്നു ഡിസ്കൗണ്ടു കൊടുക്കുന്നതാകുന്നു.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING

www.marggam.org

Complimentary

to

Rev. M Thomas D.C.

from the author

[illegible]

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
DIGITAL PUBLISHING

www.marggam.org

Liturgy 4A

ആഘോഷമായ

# 'സ്ലീവാപ്പാത'

ഇതിൽ ഓരോ സ്ഥലങ്ങളുടേയും
ദുഃസാഹചര്യങ്ങളെപ്പററിയുള്ള ധ്യാനങ്ങളും
ഭക്തിജനകമായ ഗീതവും
വിഷേശാൽ ചേർത്തിട്ടുണ്ട്.

രചയിതാവ്
ജോസ്. എൽ. ശമ്മാശ്ശ് മാവുങ്കൽ.
പുത്തൻപള്ളി സെമിനാരി
വരാപ്പുഴ.

[ഒന്നാം പതിപ്പ് പ്രതി ൨൦൦൦]

*Printed at the*
*"Jubilee Memorial Press"*
SEMINARY—PUTHENPALLY,
VERAPOLY.

1929.

www.TheCMSIndia.in

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തൃശ്ശിവപേരൂർ രൂപതയുടെ മെത്രാൻ

നി. വ. ദിവ്യശ്രീ.

വാഴപ്പിള്ളി മാർ പ്രംസീസ്ക്കോസ് ഡി. ഡി.

തിരുമനസ്സിലെ ആശീർവ്വാദ ലേഖനം.

(ഇംഗ്ലീഷ് എഴുത്തിന്റെ പരിഭാഷ.)

---

മെത്രാസന അരമന.
തൃശ്ശിവപേരൂർ, തെ. ഇൻഡ്യാ
18—1—1929.

പ്രിയ ബ. മാവുങ്കൽ ശെമ്മാശ്ശാ,

ഇതിനിടയിൽ മൂന്നാം പതിപ്പിൽ എത്തിയിക്കുന്ന താങ്കളുടെ "ഈശോ സഹവാസം" എന്ന ചെറു പുസ്തകത്തിനായി ഞാൻ താങ്കൾക്കു നന്ദി പറയുന്നു. താങ്കൾ വീണ്ടും രചിച്ചിട്ടുള്ളതും താമസിയാതെതന്നെ പ്രസിദ്ധീകരിക്കാൻ പോകുന്നതുമായ......."ആഘോഷമായ സ്ലീവാപ്പാത"യെന്ന ചെറുപുസ്തകവും ഏററം പ്രയോജനമുള്ളതുംവലിയ പ്രചാരത്തിൽ വരുന്നതുമാകുന്നു. ഞാൻ താങ്കളെ അഭിനന്ദിക്കുകയും താങ്കളേയും താങ്കളുടെ കൃതികളേയും ആശീർവ്വദിക്കുകയും ചെയ്യുന്നു.

എന്നു്
ക്രിസ്തുവിൽ താങ്കളുടെ,
† F. Vazhapilly
തൃശ്ശിവപേരൂർ മെത്രാൻ.

marggam DIGITAL PUBLISHING

www.marggam.org

# സമർപ്പണം.

---

൧൯൧൯ ജൂലായി ൨൧-ാം൹ തിങ്കളാഴ്ച

തന്റെ ൬൩-ാമത്തെ വയസ്സിൽ

കർത്താവിൽ നന്മരണം പ്രാപിച്ച

എന്റെ പിതാവു,

**വക്കീൽ മാവുങ്കൽ വക്കി ലോനൻ**

അവർകളേയും സഹൃദയം സ്മരിച്ചു,

അദ്ദേഹത്തിന്റെ ആത്മാനുകൂലാൎത്ഥം പ്രാൎത്ഥിക്കേ

ണമെന്നു് ഈ പുസ്തകം ഉപയോഗിച്ചു

'കുരിശിന്റെ വഴി' കഴിക്കുന്നവരോടു്

സാദരം യാചിച്ചുകൊണ്ടു്

ആ യശശ്ശരീരന്റെ പാവനസന്നിധിയിൽ

ഈ ചെറുപുസ്തകത്തെ

സ്നേഹഭക്ത്യാദരപുരസ്സരം

സമർപ്പിച്ചുകൊള്ളുന്നു.

---

**R. I. P.**

ജോസ്. എൽ. ശമ്മാശ് മാവുങ്കൽ.

മുട്ടം, ചേർത്തല.

26—12—'28.

---

സൂചനം:— ൧൬-ാം നൂററാണ്ടിൽ ഓർശ്ലേമിലേക്കു തീൎത്ഥയാത്ര ചെയ്തു (Adrichem) അഡ്രിക്കേം എന്ന ആൾ എടുത്തിട്ടുള്ള അളവിൻപ്രകാരമാണു് ഇതിൽ 'കുരിശിന്റെ വഴി'യുടെ ദൂരം ചേൎത്തിരിക്കുന്നതു്.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

ആഘോഷമായ

# "സ്ലീവാപ്പാഥ."

## പീഠത്തിൻ മുൻപാകെ പാട്ട്.

('ദേവേശാ എശുപരാ' or 'ഈശോയെ എൻപിതാവേ' എ. മ.)

൧ ഈശോയേ-ക്ലേശാവഹ-
മായനിന്റെ യന്ത്യയാത്രയിതിൽ
കന്നിമേരി-യമ്മയോടും-
ചേൎന്നു നിന്നെ യനുഗമിച്ചീടുന്നു ഞങ്ങൾ.

൨ സ്വൎഗ്ഗീയ-മാൎഗ്ഗമിതിൽ-
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ-ശേഖരിക്കാൻ-
നീതുണെക്കു, നിനക്കവ കാഴ്ചവച്ചീടാം.

## മനസ്താപ പ്രകരണം.

അളവില്ലാത്ത കൃപയായിരിക്കുന്ന ഞങ്ങളുടെ നല്ല ഈശോയേ! അങ്ങുന്നു നന്മയുടേയും അനുഗ്രഹത്തിന്റേയും കരകാണാത്ത കടലായിരിക്കകൊണ്ടു ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. പാപികളായ ഞങ്ങൾ സകല നന്മസ്വരൂപിയായ അങ്ങയെ ഉപദ്രവിച്ചതിനാൽ മനസ്താപപ്പെടുന്നു. നീചപാപികളായ ഞങ്ങൾക്കുവേണ്ടി അങ്ങുന്നു കഴിച്ച ആ വ്യാകുലം നിറഞ്ഞ അന്ത്യയാത്രയെ ധ്യാനിച്ചുകൊണ്ടു ഞങ്ങൾ കഴിപ്പാൻ പോകുന്ന ഈ 'കുരിശിന്റെ വഴി'യെ അങ്ങേക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ആകയാൽ ഞ

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

ങ്ങളുടെ പ്രിയ കർത്താവേ! ഞങ്ങൾ ചെയ്യുവാൻ പോകുന്ന ഈ ധ്യാനം ഈ ലോകത്തിൽ അങ്ങെ അനുഗ്രഹവും പരലോകത്തിൽ നിത്യായുസ്സും ഞങ്ങൾക്കു കിട്ടുന്നതിനുള്ള പോംവഴിയാകണമെന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഈശോയെ അനുഗമിച്ചുകൊണ്ടു ആദ്യമായി ഞങ്ങളെ കുരിശിന്റെ വഴി പഠിപ്പിച്ച പരിശുദ്ധ ദൈവമാതാവേ! വി. യോഹന്നാനെ! വി മ. മഗ്ദലേനായെ! നിങ്ങളും ഇപ്പോൾ ഞങ്ങളോടുകൂടി ചേർന്നുകൊണ്ടു ഇതിനെ ഫലപ്രദമാംവണ്ണം കഴിക്കുന്നതിനു ഞങ്ങളെ സഹായിക്കേണമേ.

മു: കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കേണമെ!

സ: ഞങ്ങളെ അനുഗ്രഹിക്കേണമേ! പരി. ദൈവമാതാവേ! നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ ഞങ്ങളുടെ ഹൃദയങ്ങളിൽ പതിച്ചുറപ്പിക്കേണമേ

---

(൧-ാം സ്ഥലത്തേക്കു പോകുമ്പോൾ പാട്ടു്)

൧ പീലാത്തോസ്-അന്യായമായ്-
ഈശോയെക്കൊല്ലുവാനായ് വിധിച്ചു.
നമ്മുടെവൻ-പാപഗണം-
കാരണമായിതിന്നെന്നു ധ്യാനിച്ചീടുക.

൨ ന്യായേശാ!-പാപികളാം-
ഞങ്ങളെ നീ വിധിച്ചീടുംനാളിൽ
നീതിപോലെ-ചെയ്തീടല്ലേ-
കാരുണ്യത്താൽ ഞങ്ങളെനീ രക്ഷപ്പാക്കണേ.

✠

## ഒന്നാം സ്ഥലം.

### ഈശോയെ മരണത്തിനു വിധിക്കുന്നു.

ധ്യാനം. സൎവ്വലോക സ്രഷ്ടാവും രക്ഷിതാവുമായ ദൈവപുത്രൻ, പലസ്തീനായിലെ റോമൻ ഗവൎണ്ണരും കാൎയ്യസ്ഥനുമായ പീലാത്തോസിന്റെ ന്യായാസനത്തിൻ മുമ്പാകെ കൈകൾ കെട്ടപ്പെട്ട വിധിവാചകം കേൾക്കുന്നതിനു സന്തോഷം ആശിച്ചു നില്ക്കുന്നു. നീചനും കൊലക്കുററപ്പുള്ളിയുമായ ബാറബാസിനെ വിട്ടയക്കുന്നതിനും ദിവ്യകുഞ്ഞാടായ ഈശോയെ ക്രൂശിച്ചു വധിക്കുന്നതിനും ആ നന്ദിയില്ലാത്ത ജനം— തന്റെ തൃക്കരങ്ങളിൽനിന്നു അസംഖ്യങ്ങളായ അനുഗ്രഹങ്ങളെ കൈക്കൊള്ളുകയും, താൻ അത്ഭുതത്താൽ വൎദ്ധിപ്പിച്ച അപ്പവും മീനും തിന്നു തൃപ്തരാകുകയും, ഏതാനും ദിവസങ്ങൾക്കുമുമ്പ് 'ദാവീദിന്റെ പുത്രന് ഓശാന.' എന്നു പാടിസ്തുതിക്കുകയും ചെയ്ത ആ നന്ദിയില്ലാത്ത നീചയൂദജനം— ഇതാ വിളിച്ചുകൂവുന്നു. ഭീരുവായ പീലാത്തോസോ എന്നാൽ, ഈശോ നിരപരാധിയാകുന്നു എന്നു പലതവണ പരസ്യമായി പ്രഖ്യാപനം ചെയ്തശേഷം, യൂദന്മാരുടെ അപ്രീതിയെ ഭയന്നും, ഒരു ദിവ്യവെളിപാടു മൂലം ഈശോയുടെ ദിവ്യത്വത്തിൽ വിശ്വസിച്ചു: ആ നീതിമാനെ ഒന്നും ചെയ്യരുതെന്നു ഗുണദോഷിച്ച അയാളുടെ ഭാൎയ്യയായ ക്ലാവുദിയാ പ്രോക്കുളായുടെ

വാക്കുകളെ അവഗണിച്ചും സ്വമനസ്സാക്ഷിക്കു വിപരീതമായി തന്നെ ക്രൂശിച്ചു വധിക്കുന്നതിനു വിധിക്കുന്നു.

മു. ഈശോമിശിഹായെ, നിന്നെ ഞങ്ങൾ കുമ്പിട്ടാരാധിച്ചു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

സ. എന്തുകൊണ്ടെന്നാൽ നിന്റെ വിശുദ്ധകുരിശാൽ ലോകത്തെ നീ വീണ്ടുകൊണ്ടു.

ജപം. ഹാ, കറയില്ലാത്ത ദിവ്യകുഞ്ഞാടായ ഈശോയേ, അങ്ങുന്നു ഈ അന്യായമരണശിക്ഷയ്ക്കു പാത്രവാനായതിനു് ഞങ്ങൾ ചെയ്ത പാപങ്ങളല്ലയോ കാരണം? കർത്താവേ, ഞങ്ങളുടെ പാപങ്ങൾ മൂലം ഞങ്ങൾ നിത്യനരകാഗ്നിക്കു യോഗ്യന്മാരാണെങ്കിലും സന്തോഷത്തോടെ അങ്ങു സ്വീകരിച്ച ഈ അന്യായവിധിയെക്കുറിച്ചു നിത്യമരണശിക്ഷയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെന്നു ഞങ്ങളുടെ പാപങ്ങളിന്മേൽ മനസ്താപപ്പെട്ടുകൊണ്ടു അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ൧ സ്വ. ൧ ന.

മു. കർത്താവേ, ....

സ. ഞങ്ങളെ അനു... പരിശുദ്ധദൈവ....

---

(൨-ാം സ്ഥലത്തേക്കു പോകുമ്പോൾ പാട്ടു്)

൧ യൂദന്മാർ-ഭാരമേറും-
ക്രൂശുതന്റെ തിരുത്തോളിലേററി,
സോദരരേ,-താൻ ചുമക്കും-
ക്രൂശു നമ്മൾ ചെയ്ത പാപഭാരമെന്നോർക്ക.

marggam DIGITAL PUBLISHING
www.marggam.org



൩ നാഥാ, ഈ-ജീവിതത്തിൻ-
ക്രൂശുകളാം ബഹുക്ലേശങ്ങളെ;
മോദമോടെ-ഏല്ക്കുവാനായ്-
നീസഹായം ചെയ്യേണമെ, ഞങ്ങൾക്കെന്നുമെ.

## രണ്ടാം സ്ഥലം

### ഈശോ കുരിശു ചുമക്കുന്നു.

ധ്യാനം. വിധി പ്രസ്താവിച്ച ഉടനെ നീചമായ സന്തോഷത്താൽ ആർത്തുവിളിച്ചുകൊണ്ടു ക്രൂരന്മാരായ പട്ടാളക്കാർ പീലാത്തോസിന്റെ ന്യായാസനത്തിൽനിന്ന് ഏകദേശം ൩൦ അടി ദൂരത്തോളം ന. കർത്താവിനെ നിർദ്ദയം തള്ളിക്കൊണ്ടുവന്നു, താൻ തൂങ്ങിമരിക്കാനുള്ള കുരിശിനെ— അല്ല; നമ്മുടെ പാപഭാരത്തെ-തന്റെ തിരുത്തോളിൽ വയ്ക്കുന്നു. ഹാ! എത്ര സന്തോഷത്തോടു കൂടിയാണ് ആ മഹാ അപമാനത്തിന്റേയും ഘോരതരമരണത്തിന്റേയും ആയുധത്തെ താൻ ആലിംഗനം ചെയ്യുന്നത്! ഈ രക്തത്താലെയുള്ള മാമ്മോദീസായെ താൻ അത്യാശയോടെ. പ്രതീക്ഷിച്ചിരിക്കയായിരുന്നു.

൧. ഈശോമിശിഹായേ;.. സ. എന്തുകൊണ്ടെ..

ജപം. ഞങ്ങളുടെ എത്രയും നല്ല ഈശോയേ, ഞങ്ങൾ ചെയ്ത പാപങ്ങളാൽ ഉണ്ടാക്കപ്പെട്ട ഈ എത്രയും ഭാരമുള്ള കുരിശിനെ അങ്ങുന്നു മഹാസന്തോഷത്തോടെ ചുമന്നുവല്ലോ! ഇതിനു കാരണമായ ഞങ്ങളുടെ പാപകാഠിന്യത്തെ ഞങ്ങൾ അറി

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്നു അവയെക്കുറിച്ചു ജീവപര്യന്തം ഞങ്ങൾ മനസ്താപപ്പെട്ടു കരയുന്നതിനു ഞങ്ങളെ അനുഗ്രഹിക്കേണമേ. ൰ആ. ൰ന.

മൃ. കർത്താവേ, ഞങ്ങളെ . .

സ. ഞങ്ങളെ അനു... പരിശുദ്ധ...

---

(൩-ാം സ്ഥലത്തേയ്ക്കു പോകുമ്പോൾ പാട്ട്)

൧ ഭാരത്താൽ-ക്ഷീണിച്ചു താൻ-
പാറമേൽ കാൽതട്ടി വീഴുന്ന യേശോ!
സ്നേഹിതരേ, പാപങ്ങളിൽ-
ആദ്യമായ് നാം വീണതിതിൻ മൂലമെന്നോർക്ക

൨ കർത്താവേ,-നിൻപ്രമാണ-
ലംഘനത്താൽ ഞങ്ങൾ പാപച്ചേറ്റിൽ
വീണിടാതെ-ലോകവാസ-
സ്വർഗ്ഗരാജ്യപ്രദമാകാൻ നീ സഹായിക്ക.

## മൂന്നാംസ്ഥലം.

### ഈശോ ഒന്നാം പ്രാവശ്യം വീഴുന്നു.

ധ്യാനം. തലേനാൾ രാത്രിയിൽ തടവുമുറിയിൽവച്ചു താൻ സഹിച്ച ഘോരപീഡകൾ, നിന്ദാപമാനങ്ങൾ, ചമ്മട്ടി അടി, മുൾമുടിധാരണം ആദിയായവയാൽ ക്ഷീണിച്ചും, ഒടുക്കത്തെ അത്താഴത്തിനു ശേഷം ഈ നേരംവരെ ജലപാനംപോലും ചെയ്തിട്ടില്ലാത്തതിൽ വലഞ്ഞും, പിന്നെയും ദൂരം അടിട്ടത്തോളം കഷ്ടപ്പെട്ടു നടന്നതിന്റെ ശേഷം ഭാരമേറിയ ക

രിശോടുകൂടി താനിതാ കമന്നടിച്ചു വീഴുന്നു. ഹാ! ഈ വീണുകിടക്കുന്ന നമ്മുടെ ദിവ്യരക്ഷകന്റെ ദയനീയസ്ഥിതിയെ കണ്ടിട്ടെങ്കിലും നമ്മുടെ പാപവീഴ്ചകളിൽനിന്നു നാം ഉടൻ എഴുന്നേൽക്കേണ്ടതല്ലയോ?

മു. ഈശോമിശിഹായേ; . . . നാ. എന്തുകൊ . .

ജപം. ദിവ്യഈശോയേ ഞങ്ങളുടെ മഹാപാപഭാരം അങ്ങയെ കുരിശോടുകൂടി നിലത്തു വീഴിച്ചുവല്ലോ! കർത്താവേ ആ ഹീനപാപങ്ങളെ എല്ലാം അറച്ചുപേക്ഷിക്കുന്ന അടിയങ്ങൾ മേൽ ഒരിക്കലും പാപങ്ങളിൽ വീഴാതെ കാത്തുകൊള്ളേണമേ. ൧ആ. ൧ന.

മു. കർത്താവേ, ഞങ്ങളെ. . .

സ ഞങ്ങളെ അനുഗ്ര . . പരിശുദ്ധ ദൈവ . . .

---

(൪-ാം സ്ഥലത്തേയ്ക്കു പോകുമ്പോൾ പാട്ട്)

൯ കണ്ടാലും!-മാർഗ്ഗമദ്ധ്യേ-
കന്നിമേരിഅമ്മ തൻ സുതനെ.
കാണുന്നിതാ-എത്രമാത്രം-
മർമ്മഭേദകമീക്കൂടിക്കാഴ്ച ഹാ കഷ്ടം!

൧൦ മാതാവേ,-കോമളൻനിൻ-
പുത്രനിതാ, തിരിച്ചറിഞ്ഞോ നീ?
തന്നോടിത്ര-നീചമായി-
ചെയ്തവരീ ഞങ്ങളാണേ, ക്ഷമിക്കണമേ.

marggam DIGITAL PUBLISHING
www.marggam.org



## നാലാം സ്ഥലം.

### ഈശോ മാൎഗ്ഗമദ്ധ്യേ തന്റെ പ്രിയമാതാവിനെ കാണുന്നു.

ധ്യാനം. പട്ടാളക്കാർ നിഷ്ഠുരമായി തന്നെ അടിച്ചു വലിച്ചെഴുന്നേല്പിച്ചു ഏകദേശം ഫൎലോങ്ങ് അൎദ്ധദൂരംകൂടി നടത്തി. അപ്പോൾ തന്റെ പുറകേ വന്നിരുന്ന തന്റെ പ്രിയമാതാവിനു ജനക്കൂട്ടംനിമിത്തം മുമ്പോട്ടുവന്നു തന്നെ ഒന്നുകൂടി കാണുന്നതിനു കഴിയാഞ്ഞതിനാൽ, ഒരു ഇടവഴിയെ ചുററിവളഞ്ഞു് അതിവേഗം നടന്നു് ഇതാ തനിക്കു അഭിമുഖമായി വരുന്നു. ഹാ! ഈസമയത്തു് ഈ അമ്മയും മകനും സഹിച്ച ദുഃഖവും വേദനയും വൎണ്ണിക്കുന്നതിനു ആൎക്കാണു കഴിയുക? തന്റെ കണ്ണിനാനന്ദമായിരുന്ന ദിവ്യകുമാരന്റെ സുന്ദരമുഖം ഇപ്പോൾ ആകമാനം മുറിവേററും, നീരുകൊണ്ടു വീൎത്തും, തന്നെ ഒട്ടും തിരിച്ചറിയുവാൻ പാടില്ലാത്തവിധം അത്രയ്ക്കു വിരൂപമായിത്തീൎന്നിരിക്കുന്നു. നീചന്മാരായ ഭടന്മാർ ഈ അമ്മയോടു ചീത്തവാക്കു പറയുകയും അവളെ ആക്ഷേപിക്കുകയും ചെയ്തിട്ടില്ലെന്നു ആരറിഞ്ഞു? അയ്യോ, ഈ നല്ല മാതാവു അപ്പോൾ എത്രമാത്രം ദുഃഖം അനുഭവിച്ചിരിക്കണം!

മു. ഈശോമിശിഹായേ, . . സ. എന്തുകൊണ്ടെ.

ജപം. ഞങ്ങളുടെ പാപപ്പരിഹാരാൎത്ഥം ഏകദിവ്യകുമാരൻ ബലിചെയ്യപ്പെടുന്നതിനു സസന്തോ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഷം അനുവദിച്ച വ്യാകുലമാതാവേ, പാപികളുടെ സങ്കേതമേ. ഞങ്ങൾ ഇനി ഒരിക്കലും നിന്റെ തിരുക്കുമാരന്റെ ദിവ്യഹൃദയത്തെ പാപത്താൽ ഉപദ്രവിച്ചു നിന്നെ സങ്കടപ്പെടുത്തുകയില്ല; ഈ കുടിക്കാഴ്ചയിൽ നീ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചതുപോലെ തന്നെ, ഇപ്പോഴും എപ്പോഴും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. ൧ ആ. ൧ ന.

മ. കർത്താവേ ഞങ്ങളെ . .

സ. ഞങ്ങളെ അനു . . പരിശുദ്ധദേ . . .

---

(൫-ാം സ്ഥലത്തേയ്ക്കു പോകുമ്പോൾ പാട്ടു)

൧൧ ക്രൂശേവം-താൻ ചുമന്നാൽ-
ജീവനോടെതന്നെ ക്രൂശിക്കുവാൻ
സാദ്ധ്യമല്ലെ-ന്നോർത്തുയൂദർ-
സ്ലീവാചുമക്കാൻ ശീമോനെ നിയോഗിക്കുന്നു.

൧൨ ശീമോനെ-പ്പോലെ ഞങ്ങൾ-
നിൻപുറകേ ക്രൂശുതാങ്ങിക്കൊണ്ടു
വന്നീടട്ടെ-യീശുനാഥ,-
ഭാഗ്യവാന്മാരായീടട്ടെനിൻ കാരുണ്യത്താൽ

## അഞ്ചാം സ്ഥലം.

കുരിശു ചുമക്കുന്ന തിരു ഈശോയെ
ശിമയോൻ സഹായിക്കുന്നു.

ധ്യാനം. തന്റെ പരി. അമ്മയെ കണ്ടസ്ഥലത്തു നിന്നു ൧൱൨ അടി ദൂരത്തോളം പോയപ്പോൾ, താ

ൻ കാൽവറിമലയിൽ എത്തുന്നതിനു മുൻപു വഴിക്കുവച്ചുതന്നെ മരിച്ചേക്കുമെന്നു ഭയപ്പെട്ടു, വഴിയുടെ കുറെഭാഗം വരെ കുരിശു ചുമക്കുന്നതിനു സിറിയാക്കാരൻ ശീമോനെ യൂദന്മാർ നിർബന്ധിച്ചു നിയോഗിക്കുന്നു. ശീമോൻ തന്റെ പുത്രന്മാരായ അലക്സാണ്ടറും റൂഫസ്സും ഒരുമിച്ചു അവരുടെ തോട്ടത്തിൽനിന്നു ജോലികഴിഞ്ഞു വരികയായിരുന്നു. ശീമോൻ കുരിശു ചുമക്കുന്നതിനു ആദ്യം വിസമ്മതിച്ചെങ്കിലും ഒട്ടുക്കം അതിനു് സമ്മതിക്കുകയും അയാൾ ന. കർത്താവിനാൽ അനുഗ്രഹീതനാകുകയും ചെയ്തു. ഇപ്രകാരംതന്നെ ഈ ലോകദുഃഖങ്ങൾ ആദ്യം അസഹനീയമായിത്തോന്നിയാലും, അതിനെ നല്ലമനസ്സോടെ നാം സ്വീകരിക്കുന്നുവെങ്കിൽ അവസാനം അവ ആശ്വാസപ്രദമായി പരിണമിക്കും.

മ്ശ. ഈശോമിശിഹായേ, .. സ. എന്നുകൊ . .

ജപം. പ്രിയംനിറഞ്ഞ ഞങ്ങളുടെ കർത്താവേ, അങ്ങേ കുരിശിനെ ചുമക്കുന്നതിനു അങ്ങേ സഹായിച്ച ഭാഗ്യവാനായ ശീമോനേപ്പോലെ അങ്ങു ഞങ്ങൾക്കു് അയക്കുന്ന ദുഃഖദുരിതങ്ങളെ സന്തോഷസമേതം സഹിച്ചുകൊണ്ടു ഞങ്ങൾ അങ്ങേയാൽ അനുഗ്രഹീതരാകുന്നതിനു അങ്ങേ വരപ്രസാദം ഞങ്ങൾക്കു തന്നരുളേണമേ. ൧ആ. ൧ന.

മ്ശ. കർത്താവേ, ഞങ്ങളെ ...

സ. ഞങ്ങളെ അനു .. പരിശുദ്ധദൈവമാ ...

margam
DIGITAL PUBLISHING
www.marggam.org



(൬-ാം സ്ഥലത്തേയ്ക്കുപോകമ്പോൾ പാട്ട്)

൨൨ സ്വൎഗ്ഗീയ-ദീപ്തിചിന്തും-
സുന്ദരമാംമുഖം മ്ളാനമായി
ഭക്തയായ-വെറോനിക്കാ-
സ്നേഹഭക്ത്യാ തിരുമുഖം തുടക്കുന്നിതാ!
൨൩ പാപത്താൽ-മ്ളാനമായ-
ഞങ്ങളുടെ ദേഹിദേഹങ്ങളെ,
ശുദ്ധിയാക്കി-നിൻമുഖത്തിൻ-
ഛായയെന്നി മുദ്രിതമാക്കേണമവയിൽ

## ആറാം സ്ഥലം.

ഭക്തയായ വേറോനീക്കാ മിശിഹായുടെ
തിരുമുഖം തുടയ്ക്കുന്നു.

ധ്യാനം. ശീമോൻെറ പക്കൽനിന്നും ന കൎത്താവ് കുരിശുവാങ്ങി നടന്ന് ൭൩൭ അടിയോളം ചെന്നു വേറോനീക്കായുടെ ഭവനവാതുക്കൽ എത്തുന്നു. സൎവ്വവിശുദ്ധരുടേയും കണ്ണുകൾക്ക് ആനന്ദസംദായകവും, മാലാഖാമാൎക്കുപോലും നേരേനോക്കുന്നതിനു കഴിയാതെ അവരുടെ മുഖങ്ങളെ ചിറകുകളാൽ മൂടത്തക്കവണ്ണം അത്രയ്ക്കു മഹാ പ്രകാശകതിരുകൾ വീശുന്നതുമായ തൻെറ തിരുമുഖം, നീച ഭടന്മാരുടെതുപ്പലും വിയൎപ്പും ചെളിയും രക്തവും പുരണ്ടു വിരൂപമായിരിക്കുന്നതു് ഭക്തയായ ഈ സ്ത്രീ കണ്ടയുടനെ ക്രൂരന്മാരായ യൂദന്മാരേയും പട്ടാളക്കാരേയും ഒട്ടും ഭയപ്പെടാതെ വീട്ടിൽനിന്നു ഇറങ്ങിവന്നു ഒരു തൂവാലകൊണ്ടു മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു! ഈ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

അസാധാരണസ്നേഹത്തിനു താൻ തക്കപ്രതിസമ്മാനവും നൽകാതിരുന്നില്ല. ഇതാ അത്ഭുതം! ആ തുവാലയിൽ തന്റെ തിരുമുഖത്തിന്റെ ഛായ പതിയുന്നു!

മു. ഈശോമിശിഹായേ, .. സ. എന്തുകൊ ..

ജപം. ഹാ! എത്രയും ദയയുള്ള ഈശോയേ! അങ്ങേ തിരുമുഖം തുടച്ച വേറോനീക്കായുടെ തുവാലയിൽ അങ്ങേ ദിവ്യമുഖത്തിന്റെ ഛായ പതിക്കുവാൻ അങ്ങേ തിരുമനസ്സായല്ലോ! കർത്താവേ, ഞങ്ങളുടെ ആത്മാക്കളിൽനിന്നു പാപമാലിന്യങ്ങളെ തുടച്ചുകളഞ്ഞ് അവയിൽ അങ്ങേ കഠിനപീഡകളുടെ സ്മരണയെ പതിക്കേണമേ. ൧ ആ. ൧ ന.

മു. കർത്താവേ, ഞങ്ങളെ ...

സ. ഞങ്ങളെ അനു .. പരിശുദ്ധ ദൈവമാ ...

---

(൬-ാം സ്ഥലത്തേയ്ക്കു പോകുമ്പോൾ പാട്ട്)

൧൫ വീണ്ടും താൻ-ക്രൂശിൻകീഴായ്-
വാടിത്തളർന്നിതാ വീഴുന്നയ്യോ!
ചന്തമേറും-കൈകാൽകളും-
ആനനവും കല്ലിൽ മുട്ടിപ്പൊട്ടിക്കീറുന്നു!

൧൬ ഈശോയേ,-ഞങ്ങൾവീണ്ടും-
പാപദോഷങ്ങളിൽ വീണതിനാൽ
അല്ലയോനീ-വീണതേവം?-
ഞങ്ങളെ നിൻതൃക്കയ്നീട്ടി രക്ഷിക്കേണമേ.

## ഏഴാം സ്ഥലം.

### ഈശോ രണ്ടാം പ്രാവശ്യം വീഴുന്നു

ധ്യാനം. വേറൊനീക്കായുടെ ഭവനവാതുക്കൽനിന്നു ഈ പ്രലാപകര ഘോഷയാത്ര ഏകദേശം ഒന്നുന അടിദൂരം ചെന്നപ്പോൾ ന്യായാധിപഗോപുരം എന്നിടത്തു എത്തുകയും ക്ഷീണാധിക്യത്താൽ ന. കർത്താവു രണ്ടാമതും വീഴുകയും ചെയ്യുന്നു. ഈ രണ്ടാമത്തെ വീഴ്ചയിൽ തനിക്കു നമ്മോടുള്ള അനന്തസ്നേഹത്തെ കൂടുതൽ പ്രത്യക്ഷപ്പെടുത്തുകയും; നാം എത്രതവണയെങ്കിലും പാപത്തിൽ വീണാലും നിരാശപ്പെടാതെ തന്റെ അതിരററ അനുഗ്രഹത്തിൽ ശരണപ്പെട്ടു വീണ്ടും എഴുന്നേൽക്കുന്നതിനു നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു.

മു. ഈശോമിശിഹായേ . . സ. എന്നുകൊ . .

ജപം. ഞങ്ങളുടെ ദിവ്യഈശോയേ, അങ്ങുന്നു രണ്ടാം പ്രാവശ്യം കുരിശോടുകൂടി നിലത്തു കമഴ്ന്നു വീഴുന്നതിനു പാപികളായ ഞങ്ങൾ ചെയ്ത പാപങ്ങൾ കാരണമായല്ലോ! ഹാ, പ്രിയമുള്ള രക്ഷിതാവേ! ഇപ്പോഴെങ്കിലും മനസ്താപപ്പെട്ടു ഇനി ആ പാപങ്ങളിൽ വീഴാതിരിക്കുന്നതിനു തക്കമാർഗ്ഗങ്ങളെ തേടി നിരന്തരം പുണ്യപ്രവൃത്തികളെ ചെയ്യുവാൻ

ആഗ്രഹിക്കുന്ന അടിയങ്ങളെ അനുഗ്രഹിക്കേണമേ. ൧ആ. ൧൩.

മൃ. കർത്താവേ... സ. ഞങ്ങളെ .. പരിശുദ്ധ . .

---

(൮-ാം സ്ഥലത്തേയ്ക്കുപോകുമ്പോൾ പാട്ട്)

൫൭ കർത്താവിൻ-പീഡകളെ-
കണ്ടതുലം സഹതാപമോടെ
ഭക്തസ്ത്രീകൾ-കേണീടുന്നു-
ആശ്വസിപ്പിച്ചീടുന്നു താനവരെയപ്പോൾ.

൫൮ ഓർശ്ലേമിൻ പുത്രികളെ,-
എന്നെ ഓർത്തുനിങ്ങൾ കേഴേണ്ടാട്ടം,
നിങ്ങളെയും-നിങ്ങളുടെ-
മക്കളേയും ഓർത്തുനിങ്ങൾ പ്രലപിക്കുവിൻ.

## എട്ടാം സ്ഥലം.

ഈശോ ഓർശ്ലേംസ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

ധ്യാനം. രണ്ടാമതു വീണസ്ഥലത്തുനിന്നു വടക്ക്, ഒട്ടും സമനിരപ്പില്ലാത്തതും വലിയകല്ലുകൾ നിരത്തിയിട്ടുള്ളതുമായ ഒരു വലിയ കയററമാണ് ഭാരമേറിയ കുരിശും താങ്ങി തനിക്കു ഇനി കയറാനുള്ളത്. അവിടെനിന്നു താൻ വ്യംമ്പ അടി കയറിയപ്പോൾ വിലങ്ങേയുള്ള വഴിയിൽ കുറെ സ്ത്രീകൾ തന്നെ കാത്തുനില്ക്കുന്നതായി ഈശോ കാണുന്നു. അവരുടെ യഥാർത്ഥനാഥനും സ്നേഹിതനുമായ തന്നെ ഈ പരിതാ

പകരസ്ഥിതിയിൽ കണ്ടപ്പോൾ ആ ഗുണവതികൾ ദു:ഖം സഹിക്കവയ്യാതെ വാവിട്ടു നിലവിളിച്ചുപോയി. അവരോടുതാൻ ഇപ്രകാരം പറയുന്നു 'ഓർശ്ലേം പുത്രികളേ, നിങ്ങൾ എന്നെ ഓർത്തു കരയേണ്ട; പ്രത്യുത, നിങ്ങളെയും നിങ്ങളുടെ മക്കളേയും ഓർത്തു പ്രലപിക്കുവിൻ' അതെ, തന്റെ ഈ ഉപദേശം നമ്മെയും, നമ്മുടെ മക്കളെപ്പോലെ നാം സ്നേഹിക്കുന്ന നമ്മുടെ പാപങ്ങളെയും കുറിച്ചാകുന്നു താൻ അരുളിച്ചെയ്തതു്.

മു. ഈശോമിശിഹായേ, ... സ. എന്നുകൊ ..

ജപം. ഓ, ദുഃഖിതരുടെ ആശ്വാസമായ ഈശോയേ, അങ്ങെ ദയയുള്ള തൃക്കണ്ണുകളെ ഞങ്ങളുടെ മേൽ തിരിക്കേണമെ. അങ്ങെ പീഡാനുഭവത്തിൽ സഹതപിച്ചുകൊണ്ടു അവസാനവിധിനാളിൽ ഓർശ്ലേംസ്ത്രീകളോടു കൂടെ അങ്ങിൽനിന്നും നിത്യസമാധാനവചനങ്ങൾ കേട്ടു സമാശ്വസിക്കുന്നതിനു ഞങ്ങളെ സഹായിക്കേണമേ, ൧ ആ. ൧ ന.

മു. കർത്താവേ, .....

സ. ഞങ്ങളെ അനു... പരിശുദ്ധദൈവ....

---

(൯-ാം സ്ഥലത്തേക്കു പോകുമ്പോൾ പാട്ടു്)

൧ൻ ദിവ്യാഭ-ചിന്തിടുന്ന-
    തൻമുഖാബ്ജം കുത്തി മൂന്നാമതും

marggam DIGITAL PUBLISHING www.marggam.org



വീഴുന്നീശോ-നീചയൂദർ-
നാലുപാടും വലിക്കുന്നു ചവിട്ടുന്നയ്യോ.
൨൦ ചേററിലൊരു-റോസപ്പൂപോൽ-
വീണുഴലും മമജീവനാഥാ,
ഘോരമായ-നിത്യാഗ്നിയിൽ-
വീണിടാതെ ഞങ്ങളെ നീ രക്ഷിക്കേണമേ.

## ഒൻപതാം സ്ഥലം.

### ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു.

ധ്യാനം. ന. കർത്താവ് അസഹനീയമായുള്ള പീഡകളേററു വലഞ്ഞു് ഒരടിപോലും മുന്നോട്ടു നീങ്ങുവാൻ സാധിക്കാതെ ഇതാ മൂന്നാം പ്രാവശ്യവും വീഴുന്നു. ഭാരമേറിയ കുരിശു മുകളിലും താൻ അടിയിലുമായി വീണുകിടക്കുന്ന ഈ കാഴ്ച ഏതൊരുവൻെറ ഹൃദയത്തെയാണു് ഇളക്കാത്തതു്! പാപകൂപത്തിലേക്കുള്ള നമ്മുടെ നിരന്തരവീഴ്ചകളെ കണ്ടും, തൻെറ ഈ ഭയങ്കരപീഡകൾ അനേകപാപികളിൽ നിഷ്ഫലമായിപ്പോകുമല്ലോ എന്നു് ഓർത്തും, അവർണ്ണനീയമായ വേദനയോടെ അവിടെക്കിടന്നുകൊണ്ടു തൻെറ സ്വർഗ്ഗീയ പിതാവിനോടു താൻ നമുക്കുവേണ്ടി അപേക്ഷിക്കുന്നു. ഈ അപേക്ഷമൂലം നമുക്കു ലഭിക്കുന്ന വരപ്രസാദങ്ങളോടു സഹകരിച്ചു, ഇനിയെങ്കിലും നാം നമ്മുടെ പാപക്കുഴിയിൽനിന്നു് എഴുന്നേൽക്കുന്നില്ലായെങ്കിൽ നമുക്കു ദുരിതം!

മു. ഈശോമിശിഹായേ, .. സ എന്നുകൊണ്ടു ..

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org



ജപം. ഹാ! ഞങ്ങളുടെ നല്ലഈശോയേ, അങ്ങ് മൂന്നാം പ്രാവശ്യവും കമഴ്ന്നുവീണപ്പോൾ അനുഭവിച്ച ഈ അവൎണ്ണനീയപീഡകളെക്കുറിച്ചു പാപികളായ ഞങ്ങൾ ഇനിഒരിക്കലും പാപത്തിൽ വീഴാതിരിപ്പാൻ കൃപചെയ്യേണമേ. മേലിൽ വല്ലൊരു പാപവും ചെയ്യുന്നതിനു മുൻപെ ആയിരം പ്രാവശ്യം മരിപ്പാൻ ഞങ്ങൾ തയ്യാറായിരിക്കുന്നു!
ഫആ. ഫനന്മ.

മ. കൎത്താവേ, ഞങ്ങളെ...
സ. ഞങ്ങളെ അനുഗ്ര ... പരിശുദ്ധ ദൈവ ..

(൧൦-ാം സ്ഥലത്തേക്കുപോകുമ്പോൾ പാട്ടു്)

൨൧ ചെന്നായ്ക്കൾ-കുഞ്ഞാടിന്റെ-
തോലുരിഞ്ഞു മാറ്റിക്കീറുമ്പോലെ
രക്താമൂലം-ദേഹത്തോടു്-
ഒട്ടിച്ചേൎന്ന വസ്ത്രമവർ ഉരിഞ്ഞീടുന്നു.
൨൨ മാമ്മോദീസാ-കൈക്കൊണ്ടപ്പോൾ-
ഞങ്ങൾ സ്വീകരിച്ച വെള്ളവസ്ത്രം,
ദൈവേഷ്ടമാം ദിവ്യവസ്ത്രം-
നഷ്ടമാക്കീടായ്വാൻ ശക്തി നൽകേണം നാഥാ.

## പത്താംസ്ഥലം.

ഈശോയുടെ വസ്ത്രം ഉരിഞ്ഞശേഷം തന്നെ
കൈപ്പുനീരു കുടിപ്പിക്കുന്നു.

ധ്യാനം. മലയുടെ ചുവട്ടിൽനിന്നു മുകളിലേക്കു

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഷ്ടയൂദന്മാർ കർത്താവിനെ രഫ അടിദ്ദരത്തോളം ഒരു മൃഗത്തിനെയെന്നവണ്ണം വലിച്ചിഴച്ചുകൊണ്ടു പോകുന്നു. അവിടെവച്ചു അവർ തന്റെ വസ്ത്രങ്ങൾ ഉരിഞ്ഞു തന്നെ നഗ്നനാക്കി ലോകസമക്ഷം കാണിച്ചു അവമാനിക്കുകയും, കുടിക്കുന്നതിനായി കൈപ്പുനീരു കൊടുക്കുകയും ചെയ്യുന്നു. ഹാ! ഈ സമയത്തു തന്റെ പരിശുദ്ധ മാതാവും മററു ഭക്തസ്ത്രീകളും എത്രമാത്രം ദുഃഖം അനുഭവിച്ചിട്ടുണ്ടായിരിക്കും! അടക്കമൊതുക്കവും മര്യാദയും ഇല്ലാത്ത നമ്മുടെ വസ്ത്രധാരണത്താലും മദ്യപാനത്താലും അമിത ഭക്ഷണത്താലും നാം ചെയ്ത മഹാപാപങ്ങളുടെ ഫലത്തെ കണ്ടാലും! ഇനിയെങ്കിലു ഈദൃശ ഹീനപാപങ്ങളാൽ നമ്മുടെ കർത്താവിനെ ഉപദ്രവിക്കാതിരിക്കുവാൻ നാം ശ്രമിക്കേണ്ടതല്ലയോ.

മു. ഈശോമിശിഹായേ... സ. എന്തുകൊണ്ടെ..

ജപം. കർത്താവേ, നീചഭടന്മാർ അങ്ങേ വസ്ത്രങ്ങൾ ഉരിയുകയും അങ്ങയെ കൈപ്പുനീരു കുടിപ്പിക്കുകയും ചെയ്തപ്പോൾ അങ്ങ് സഹിച്ച മഹാസങ്കടങ്ങളെക്കുറിച്ചു ലൗകിക വസ്തുക്കളിന്മേൽ ഞങ്ങൾക്കുള്ള ക്രമമററ സ്നേഹത്തെ ഞങ്ങളിൽനിന്നു നീക്കി, ലോകത്തിനും പാപത്തിനും അടുത്തതൊക്കെ ഉപേക്ഷിപ്പാനും അടക്കമുള്ളവനായി ജീവിപ്പാനും ഞങ്ങളെ സഹായിക്കേണമെ. ആ. ന.

മു. കർത്താവേ, ഞങ്ങളെ ...

സ. ഞങ്ങളെ അനു.. പരിശുദ്ധ ദൈവമാ...

(൧൧-ാം സ്ഥലത്തേയ്ക്കു പോകുമ്പോൾ പാട്ടു)

൨൩ സ്ലീവാമേൽ-താൻ കിടന്നു-
യൂദർ കൈകാലുകളാണികളാൽ
ക്രൂശിൽ ചേർത്തു-തറയ്ക്കുന്നു-
പ്രാണവേദനയാലീശോ വിലപിക്കുന്നു.

൨൪ ചുററികയിൻ-ശബ്ദവുംതൻ-
ആർത്തനാദവും മുഴങ്ങുന്നിതാ!
ഈശോയേ! ഘാതകരാം-
ഞങ്ങളെ നീ ശിക്ഷിക്കല്ലെ രക്ഷിക്കേണമെ.

## പതിനൊന്നാം സ്ഥലം.

### ഈശോയെ കുരിശിൽ തറയ്ക്കുന്നു

ധ്യാനം. ഈശോയെ വസ്ത്രക്ഷേപം ചെയ്ത സ്ഥലത്തുനിന്നു തന്നെ ക്രൂശിച്ച സ്ഥലത്തേയ്ക്കു ൨൭ അടി അകലമുണ്ട്. ഇതാ ദൈവപുത്രൻ തന്റെ മരണക്കിടക്കയായ കുരിശിന്മേൽ ആരുടേയും നിർബ്ബന്ധം കൂടാതെ സസന്തോഷം കൈകൾ വിരിച്ചു മലർന്നു കിടക്കുന്നു. നീച ഭടന്മാർ അങ്ങേ കൈകാലുകളെ വലിച്ചുനീട്ടി കൂർത്ത ആണികൾവച്ചു കുരിശോടുചേർത്തു തറയ്ക്കുന്നു. ചുററികയുടെ അടികളാണ് നമ്മുടെ ബോധംവഴി നാം ഈ കേൾക്കുന്നത്. അയ്യോ! ഇതാ തന്റെ തിരുമാംസം ചീന്തപ്പെടുന്നു; അസ്ഥികൾ വേർപെടുന്നു; ഞരമ്പുകൾ വലിയുന്നു; രക്തനാഡികൾ പൊട്ടി രക്തം പ്രവഹിക്കുന്നു. ഹാ! എന്തൊരു ഭയങ്കര കാഴ്ച! നാം നമ്മുടെ ശരീരംവ

ഴി ചെയ്ത ശുദ്ധതയ്ക്കു വിരോധമായ ഹീന പാപങ്ങളാകുന്നു ഇതിനു കാരണമെന്നോർത്തു മനസ്താപപ്പെട്ടും തപസ്സു ചെയ്തും പാപപ്പൊറുതിയും അനുഗ്രഹവും പ്രാപിക്കാം.

മ. ഈശോമിശിഹായേ .. സ. എന്നുകൊ..

ജപം. അനന്തസ്നേഹയോഗ്യനായ ഈശോയേ! അങ്ങേ തിരുശ്ശരീരം കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ അങ്ങനുഭവിച്ച അവൎണ്ണനീയ വേദനകളെപ്രതി ഇന്ദ്രിയങ്ങളെ അടക്കിയും തപസ്സു ചെയ്തും ഞങ്ങളുടെ ദുഷ്ട ശരീരത്തെ അമൎത്തുവാൻ കൃപ ചെയ്യേണമെ. ൧ ആ. ൧ ന.

മ. കൎത്താവേ, ഞങ്ങളെ ...

സ. ഞങ്ങളെ അനു .. പരിശുദ്ധദൈവമാ ...

---

(൧൨-ാം സ്ഥലത്തേയ്ക്കുപോകുമ്പോൾ പാട്ട്)

൨൩ ക്രൂശിന്മേൽ-ആണികളിൽ-
നഗ്നനായിത്തൂങ്ങിമരിക്കുന്നീശോ,
പ്രീശന്മാരും-സപ്രേന്മാരും-
താഴെനിന്നു നിന്ദിച്ചുകൊണ്ടാനന്ദിക്കുന്നു!

൨൪ മാതാവും-യോഹന്നാനും-
മഗ്ദലേനായോടു ചേൎന്നുനിൽക്കും
ക്രൂശിൻതാഴെ-പോയിനിൽക്കാം-
തന്റെരക്തം വീണുനാമും സിദ്ധരാകട്ടെ;

## പന്ത്രണ്ടാം സ്ഥലം.

### ഈശോ കുരിശിൽ തൂങ്ങിമരിക്കുന്നു

<u>ധ്യാനം.</u> ഇതാ അവർ കുരിശോടുകൂടെ ന. കർത്താവിനെ എടുത്തു അവിടെനിന്നു് ഒവ്യ അടിദൂരെയായി ഒരു പാറയിൽ ഉണ്ടാക്കിയിട്ടുള്ള കുഴിയിൽ കുരിശിനെ പെട്ടെന്നു കുത്തിയിടുന്നു. അഹോ! ഈ വീഴ്ചയാൽ മൂന്നാണിമേൽമാത്രം തൂങ്ങിക്കിടക്കുന്ന തന്റെ കൈകാലുകളിലെ മുറിവുകൾ വലിഞ്ഞുകീറിയപ്പോൾ താൻ അനുഭവിച്ച മഹാവേദന എത്രമാത്രമെന്നു അല്പം ധ്യാനിക്കുവിൻ! ഇതാ രണ്ടുകള്ളന്മാരുടെ മദ്ധ്യേ തൂങ്ങിക്കിടന്നുകൊണ്ടു താൻ തന്റെ ഘാതകർക്കുവേണ്ടി അപേക്ഷിക്കുന്നു; നല്ലകള്ളനു നിത്യരക്ഷ വാഗ്ദാനം ചെയ്യുന്നു; തന്റെ മാതാവിനെ നമുക്കു അമ്മയായും നമ്മെ അവൾക്കുമക്കളായും താൻ ഏല്പിക്കുന്നു; അവസാനം തന്റെ ദിവ്യാത്മാവിനെ സ്വർഗ്ഗീയ പിതാവിന്റെ പക്കൽ അർപ്പിക്കുന്നു. പെട്ടെന്നു സൂര്യൻ മറയുന്നു; അന്ധകാരം സർവ്വത്ര വ്യാപിക്കുന്നു; സർവ്വസൃഷ്ടികളും സ്രഷ്ടാവിന്റെ മരണത്തിൽ വിലപിക്കുന്നു. പാപികളായ മനുഷ്യർ മാത്രം കല്ലിനൊത്ത ഹൃദയങ്ങളോടെ തങ്ങളുടെ സ്രഷ്ടാവും രക്ഷിതാവുമായ കർത്താവിനെ ക്രൂശിച്ചു വധിച്ച ശേഷം കുരിശിൻചുവട്ടിൽനിന്നു തന്നെ നിന്ദിക്കുന്നു.

മു. ഈശോമിശിഹായേ, .. സ. എന്തുകൊ ..

ജപം. മൂന്നുമണിക്കൂർനേരത്തോളം നിസ്തുലമായ മരണവേദനയനുഭവിച്ചു മഹാ പാപികളായ ഞങ്ങൾക്കുവേണ്ടി മരിച്ച നല്ല ഈശോയേ, വീണ്ടും പാപം ചെയ്തു നിന്നെ ഉപദ്രവിക്കുന്നതിനുമുൻപു ഞങ്ങളെ മരിപ്പിക്കേണമെന്നും, ഇനി ഞങ്ങൾ ജീവിക്കാനാണ് തിരുമനസ്സെങ്കിൽ വിശ്വസ്തതയോടെ അങ്ങേക്കു മരണപര്യന്തം ശുശ്രൂഷ ചെയ്യുവാൻ മാത്രം ഞങ്ങളെ ജീവിപ്പിക്കേണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ൧ ആ. ൧ ന.

മു. കർത്താവേ ഞങ്ങളെ ..

സ. ഞങ്ങളെ അനു .. പരിശുദ്ധ ദൈ ...

---

(൧൩-ാം സ്ഥലത്തേയ്ക്കുപോകുമ്പോൾ പാട്ട്)

൨൭ ചെന്താമര-പ്പുഷ്പമൊരു-
വെൺതാമരപ്പൂവിൽ ചേർത്തുപോൽ
തൻസുതന്റെ-പൂമേനിയെ-
അമ്മ മടിയിൽകിടത്തി ചുംബിക്കുന്നിതാ!

൨൮ കന്യാംബേ,- മൃത്യുവിങ്കൽ-
നിൻപുത്രരാം ഞങ്ങൾനിൻമടിയിൽ
ചേരുവാനും-ഞങ്ങളുടെ-
ആത്മാക്കളെകൈക്കൊൾവാനും വന്നീടേ
[ണമേ.


CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പതിമ്മൂന്നാം സ്ഥലം.

### മിശിഹായുടെ തിരുശ്ശരീരം തൻെറ മാതാവിൻെറ മടിയിൽ കിടക്കുന്നു.

ധ്യാനം. ന കർത്താവിൻെറ തിരുശ്ശരീരം തൻെറ രഹസ്യശിഷ്യന്മാരായിരുന്ന റാംസെയൗസേപ്പും നീക്കാദേമ്മോസുംകൂടികുരിശിൽനിന്നിറക്കി തൻെറപരിശുദ്ധ മാതാവിൻെറ മടിയിൽ കിടത്തിയപ്പോൾ, ആ തിരുശ്ശരീരം എകവ്രണമെന്നോണം സർവ്വത്ര രക്തം ചിന്തിയും, തിരുഹൃദയം പിളർക്കപ്പെട്ടും, കൈകാലുകൾ തുളയ്ക്കപ്പെട്ടും, കണ്ണുകൾ അടഞ്ഞും, വായ് അല്പം തുറന്നും ഇരിക്കുന്ന കാഴ്ച കണ്ടു ആ നല്ലമാതാവു് എത്ര മാത്രം വേദന അനുഭവിച്ചിട്ടുണ്ടായിരിക്കും! രക്തസാക്ഷികളുടെ രാജ്ഞിയായ ഈ അമ്മയോടുകൂടി വിലപിക്കാത്ത മനുഷ്യഹൃദയം വജ്രനിർമ്മിതംതന്നെ, സംശയമില്ല അവൾ ഇതാ തൻെറ തിരുക്കുമാരൻെറ വിരൂപമായിത്തീർന്നിരിക്കുന്ന മുഖത്തിലെ അഴുക്കും രക്തവും മുത്തിത്തുടയ്ക്കുന്നു. അടുത്തുനിന്നു ഈശോയുടെ തൃപ്പാദങ്ങളെ മുത്തി അസഹനീയ വേദനയോടെ കരയുന്ന മറിയംമഗ്ദലേനായെപ്പോലെ നമുക്കും നമ്മുടെ പാപങ്ങളെ ഓർത്തു പ്രലപിക്കാം.

മു. ഈശോമിശിഹായേ,.. സ. എന്തുകൊ...

ജപം. ഹാ! മഹാ ദുഃഖമനുഭവിച്ച പരിശുദ്ധമാതാവേ, നിൻെറ തിരുക്കുമാരൻെറ തിരുശ്ശരീരം നി

marggam DIGITAL PUBLISHING

www.marggam.org



ന്റെ തിരുമടിയിൽ കിടത്തിയപ്പോൾ നിന്റെ വിമലഹൃദയം വ്യാകുലവാളേററു രണ്ടായി പിളന്നുപോയല്ലോ! ഞങ്ങളുടെ പ്രിയപ്പെട്ട അമ്മേ, ഈ നിന്റെ തിരുക്കുമാരന്റേയും നിന്റേയും അവണ്ണനീയമായ പീഡകൾക്കു കാരണമായ ഞങ്ങളുടെ പാപങ്ങളെ മുഴുവനായി വെറുത്തുപേക്ഷിച്ചു, ഉത്തമക്രിസ്ത്യാനികളായി ജീവിച്ചു, നിന്റെ തിരുമടിയിൽ കിടന്നു മരിച്ചു്, സ്വർഗ്ഗത്തിൽവന്നു ചേരുവാൻ ഞങ്ങളെ സഹായിക്കേണമേ. ൧ആ. ൧ന.

മു. കർത്താവേ, ഞങ്ങളെ...

സ. ഞങ്ങളെ അനു... പരിശുദ്ധ...

---

(൧൪-ാം സ്ഥലത്തേക്കു പോകുമ്പോൾ പാട്ടു്)

൧൩ നാഥന്റെ-ദിവ്യദേഹം-
സംസ്കരിച്ചീടുന്ന ശിഷ്യരിതാ,
പാപത്തിൽനാം-ആത്മാവിനെ-
താഴ്ത്തിയതല്ലയോ ഇതിൻ കാരണമയ്യോ!

൧൪ ഈശോയേ,-നിൻകല്ലറ-
മൂടികയെ മുത്തും ഞങ്ങളുടെ
ആത്മാക്കളെ-മൃത്യുവിങ്കൽ-
നിന്റെ ദിവ്യഹൃദയത്തിൽ സംസ്കരിക്കണേ.

## പതിനാലാം സ്ഥലം.

മിശിഹായുടെ തിരുശ്ശരീരം സംസ്കരിക്കപ്പെടുന്നു.

ധ്യാനം. സൂര്യാസ്തമനത്തിനു മുമ്പു് തിരുശ്ശരീരം

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

[illegible] ചെയ്യേണ്ടിയിരുന്നതിനാൽ പീലാത്തോ സിന്റെ അനുമതിയോടു കൂടി ശിഷ്യന്മാർ വേണ്ട ഒരുക്കങ്ങൾ ധൃതിയിൽ ചെയ്തു, ന. കർത്താവിന്റെ തിരുശരീരത്തെ നൂറുറാത്തൽ തൂക്കംവരുന്ന സുഗന്ധദ്രവ്യങ്ങൾകൊണ്ടു പൂശി, നല്ല വിരിപ്പാവിൽ പൊതിഞ്ഞു, കുരിശിന്റെ ചുവട്ടിൽനിന്നു അല്പം അകലെയായി ഒരു പുതിയ കല്ലറയിൽ സംസ്കരിക്കുന്നു. കല്ലറയുടെ മൂടികക്കല്ലുവച്ച് അടയ്ക്കുന്നതും, ഉടൻ പട്ടാളക്കാർവന്ന് അതിന്മേൽ മുദ്രവച്ച് അവിടെ കാവൽ നില്ക്കുന്നതും കണ്ടപ്പോൾ, പരി. മാതാവിന്റെ ഹൃദയം എപ്രകാരം ദുഃഖാഗ്നിയിൽ ദഹിച്ചിട്ടുണ്ടായിരിക്കണം!! നീചന്മാരായ ഭടന്മാർ തന്നോടു പരുഷവാക്കുകൾ പറയുകയോ, അവിടെനിന്നു ഉടൻ മാറിക്കൊള്ളണമെന്നു ആജ്ഞാപിക്കുകയൊ ചെയ്തിട്ടില്ലെന്നു ആരറിഞ്ഞു! ഇതാ, അവൾ സന്ധ്യയായതോടെ യോഹന്നാനാലും മഗ്ദലേനായാലും താങ്ങപ്പെട്ടു, തന്റെ തിരുക്കുമാരനിൽനിന്നു വേർപെട്ടു, സ്വഭവനത്തിലേക്കു പോകുന്ന കാഴ്ച എത്രയോ മർമ്മഭേദകം! അതെ, അവൾ സാക്ഷാൽ വേദസാക്ഷികളുടെ രാജ്ഞിതന്നെ! അവളുടെ തിരുക്കുമാരന്റെ മഹിമയേറിയ ഉത്ഥാനത്തിൻ വിജയത്തിൽ നാമും പങ്കുകാരാകുന്നതിനു, നമ്മുടെ ആത്മാക്കളെ ഈശോയുടെ പീഢകളാൽ മുദ്രണം ചെയ്യുവാൻ നമുക്കു എന്നും അവളോടു പ്രാർത്ഥിക്കാം.

മു ഈശോമിശിഹായേ .. സ. എന്നുകൊ . . .

marggam DIGITAL PUBLISHING
www.marggam.org



ജപം. ഹാ! എത്രയും മാധുൎയ്യമുള്ള ഈശോയേ, ഇത്ര ഘോരമായ അങ്ങെ പീഡാനുഭവത്തിനു കാരണമായ ഞങ്ങളുടെ പാപങ്ങളെക്കുറിച്ചു മനസ്തപിച്ചു മേലാൽ മരിച്ചവനെപ്പോലെ എന്നും അങ്ങെയോടു ഒന്നിച്ചിരിക്കാൻ നിശ്ചയിച്ചുറയ്ക്കുകയും, മരണശേഷം നിത്യാനന്ദം അനുഭവിക്കുന്നതിനുവേണ്ടി സ്വൎഗ്ഗത്തിൽ നിന്റെ സന്നിധിയിൽ വന്നുചേരുന്നതിനു അങ്ങെ അനുഗ്രഹം ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു ൧ ആ. ൧ ന.

മു. കൎത്താവേ,.. സ. ഞങ്ങളെ.. പരിശുദ്ധ...

(പീഠത്തിൻ മുൻപാകെ പാട്ടു്.)

൩൧ മാതാവേ,-ഞങ്ങൾ ചെയ്ത-
പുണ്യയാത്രയിതിൽ വന്നുപോയ
തെറ്റുകളെ-നീക്കിയിതു-
നിന്റെ പുത്രനിഷ്ടമുള്ളതാക്കിത്തീൎക്കണെ.

൩൨ സ്വൎഗ്ഗീയ-താതാ, നിന്റെ-
ജാതൻ ക്രൂശാൽ സ്വൎഗ്ഗമേറിയപോൽ
ഞങ്ങളുമീ-ക്രൂശുവഴി-
സ്വൎഗ്ഗമതിൽ നിൻതൃപ്പാദംചേരാൻ തുണയ്ക്ക.

പ്രാൎത്ഥിക്ക.

തന്റെ ഏകപുത്രന്റെ അമൂല്യ തിരുരക്തത്താൽ ജീവൻ നൽകുന്ന സ്ലീവാക്കൊടിയെ പുണ്യപ്പെടുത്തു

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വാൻ തിരുമനസ്സായ ദൈവമേ, ഈ വിശുദ്ധ കുരി
ശിന്റെ ബഹുമാനത്തെക്കുറിച്ചു സന്തോഷിക്കുന്ന
വർ എല്ലായിടത്തും അങ്ങേ സഹായം പ്രാപിക്കാൻ
കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കർത്താവീശോമി
ശിഹായുടെ തിരുമുഖത്തെക്കുറിച്ച് അങ്ങയോടു ഞ
ങ്ങൾ പ്രാർത്ഥിക്കുന്നു.

(ഇതിന്റെശേഷം ൧ ആ. ൧ ന. ൧ ത്രി. യും താഴെ കാ
ണുന്ന ജപങ്ങളുംകൂടി ചൊല്ലി മാർപ്പാപ്പായുടെ നിയോഗപ്ര
കാരം കാഴ്ചവയ്ക്കണം.)

ശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അ
പേക്ഷിക്കുന്ന ധർമ്മകാര്യങ്ങൾ സാധിപ്പാനും, അ
ജ്ഞാനം നീങ്ങി സത്യവേദം പരക്കുവാനും, സത്യ
രാജാക്കൾതമ്മിൽ സമാധാനമായിരിപ്പാനും, ഇട
ത്തുട്ടുകാരുടെ ദുർമ്മതങ്ങൾ നശിപ്പാനും, തിരുസ്സഭയെ
വിട്ടുപിരിഞ്ഞവർ വീണ്ടതിൽ പ്രവേശിപ്പാനും, പ
ഞ്ഞം പട വസന്ത മുതലായവ നീങ്ങുവാനും, ശു
ദ്ധീകരസ്ഥലത്തിൽ സങ്കടപ്പെടുന്ന ആത്മാവുകളുടെ
അവധി കുറവാനും, ഇനിയും ഞങ്ങൾ ആർക്കെല്ലാം
വേണ്ടി അപേക്ഷിക്കണമെന്നു നീ തിരുമനസ്സായിരി
ക്കുന്നുവോ അവരൊക്കെയും നിന്റെ വിശേഷാനുഗ്ര
ഹങ്ങൾ കൈക്കൊള്ളുവാനും, നിന്റെ പ്രിയപ്പെട്ട
പുത്രൻ ഞങ്ങൾക്കുവേണ്ടി ചിന്തിയ അമൂല്യ തിരുര
ക്തത്തെയും അയാളുടെ പ്രിയ മാതാവനുഭവിച്ച അ
വർണ്ണനീയ വ്യാകുലതകളെയും സ്ലീവായുടെ ഫലം അ

marggam
DIGITAL PUBLISHING
www.marggam.org



നുഭവിച്ച പരിശുദ്ധന്മാരുടെ അപേക്ഷകളേയും കു
റിച്ചു ഞങ്ങളുടെ യാചനകളിൽ അലിവുതോന്നി കൃ
പചെയ്യേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കു
ന്നു. ആമ്മേനീശോ.

ജപം. ലോകപരിത്രാണാൎത്ഥംമനുഷ്യനായിഅവതരി
ക്കുന്നതിനും, ഛേദനാചാരം ചെയ്യപ്പെടുന്നതിനും,
യഹൂദന്മാരാൽ വെറുക്കപ്പെടുന്നതിനും ഞെരുക്കപ്പെ
ടുന്നതിനും, വഞ്ചകനായ യൂദാസിനാൽ മുത്തിഒററി
ക്കൊടുക്കപ്പെടുന്നതിനും, നിൎമ്മലതയും ശാന്തതയു
മുള്ള ആട്ടിൻകുട്ടിയെപ്പോലെ അന്നാസ് കയ്യേപ്പാ
സ് പീലാത്തോസ് ഹേറോദേസ് എന്നവരുടെ മുൻ
പാകെ കയറുകളാൽ കെട്ടപ്പെട്ടു നിന്ദ്യമായി വലി
ച്ചിഴയ്ക്കപ്പെടുന്നതിനും, കള്ളസ്സാക്ഷികളാൽ കുററം
ചുമത്തപ്പെടുന്നതിനും, ചമ്മട്ടികളാൽ അടിക്കപ്പെ
ടുന്നതിനും, ദൂഷണങ്ങൾ ആരോപിക്കപ്പെടുന്നതി
നും, തുപ്പപ്പെടുന്നതിനും; മുൾമുടി ധരിപ്പിക്കപ്പെടു
ന്നതിനും, നിന്ദിക്കപ്പെടുന്നതിനും, കണ്ണുകൾ കെട്ട
പ്പെട്ടു ഞാങ്ങണയാൽ അടിക്കപ്പെടുന്നതിനും, നഗ്ന
നാക്കപ്പെടുന്നതിനും, ക്രൂശിക്കപ്പെട്ടു രണ്ടുകള്ളന്മാ
രുടെ മദ്ധ്യേ നാട്ടപ്പെടുന്നതിനും, കയ്പ്പുനീരും പു
ളിച്ച ചാരായവും കുടിപ്പാൻ തരപ്പെടുന്നതിനും, തി
രുമനസ്സായ എന്റെ ഈശോയേ, എററം അയോ
ഗ്യനായ ഞാൻ ധ്യാനിക്കുന്ന അങ്ങെ പരിശുദ്ധ
വ്യാകുലതയും വേദനയും വി. കുരിശും തിരുമരണ
വുംവഴിയായി നരകാഗ്നിയിൽ നിന്നു എന്നെ രക്ഷിച്ചു,

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING

www.marggam.org



നീ നല്ലുകള്ളനെ വിളിച്ചു സ്ഥലത്തേക്കു നയിപ്പാൻ തിരുമനസ്സാകേണമെന്നു പിതാവിനോടും റൂഹാദകുദശായോടും കൂടി നിത്യമായി ജീവിച്ചു രാജ്യപരിപാലനം ചെയ്യുന്ന ദൈവമായ നിന്നോടു ഞാനപേക്ഷിക്കുന്നു. ആമ്മേൻ.



*NIHIL OBSTAT.*

Fr. Mathai Payapilly.

*IMPRIMATUR.*

T. Nedumkallel,
Vicar General.

*Ernakulam,*
7—3—'28.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

## Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org